ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 02.04.2026** **TIME : 06.30 PM**

### പ്രധാന വാർത്തകൾ

1. പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിന് ഇന്ന് സമാപനം. ആന്ധ്രപ്രദേശ് പുനഃസംഘടന ഭേദഗതി ബിൽ 2026 പാർലമെൻറ് പാസാക്കി.
2. നിശബ്ദ പ്രചാരണ കാലയളവിൽ എക്സിറ്റ് പോൾ ഫലങ്ങൾ പുറത്തുവിടുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.
3. സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ചൂടുപിടിക്കുന്നു. ദേശീയ നേതാക്കളും രംഗത്ത്. വിധിയെഴുത്തിന് ഇനി ഏഴ് നാൾ.
4. അന്ത്യ അത്താഴ സ്മരണയിൽ ക്രൈസ്തവർ ഇന്ന് പെസഹ വ്യാഴം ആചരിച്ചു. കുരിശു മരണത്തിൻറെ സ്മരണയിൽ നാളെ ദുഃഖ വെള്ളി.
5. തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ചുള്ള ആറാട്ട് ചടങ്ങുകൾ പുരോഗമിക്കുന്നു. രാജ്യാന്തര വിമാനത്താവളത്തിലെ റൺവേ രാത്രി ഒൻപത് വരെ അടച്ചിടും.
6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്-സൺറൈസേഴ്സ് ഹൈദരാബാദ് പോരാട്ടം.

## പാർലമെൻറ്

പാർലമെൻറിൻറെ ബജറ്റ് സമ്മേളനം ഇന്ന് സമാപനിക്കും. ആന്ധ്രപ്രദേശ് പുനഃസംഘടന ഭേദഗതി ബിൽ 2026 പാർലമെൻറ് പാസാക്കി. ബിൽ രാജ്യസഭ ഇന്ന് പാസാക്കി. ആന്ധ്രപ്രദേശ് പുനഃസംഘടന നിയമം 2014 ൽ ഭേദഗതി വരുത്തികൊണ്ടുള്ള ബിൽ ലോക്സഭ നേരത്തെ പാസാക്കിയിരുന്നു. ആന്ധ്രാപ്രദേശിന്റെ ഏക തലസ്ഥാനമായി അമരാവതിക്ക് നിയമപരമായ പദവി നൽകുന്നതാണ് ബിൽ. ഇതോടെ, അമരാവതി ആന്ധ്രാപ്രദേശിന്റെ സ്ഥിരം തലസ്ഥാനമാകും. ജൻ വിശ്വാസ് ഭേദഗതി ബിൽ രാജ്യസഭ ചർച്ചയ്ക്കെടുത്തു. 2026 ലെ സെൻട്രൽ ആംഡ് പോലീസ് ഫോഴ്സ് (പൊതുഭരണം) ബിൽ ലോക്സഭ ചർച്ചയ്ക്കെടുത്തു. രാജ്യസഭ ബിൽ നേരത്തെ പാസാക്കിയിരുന്നു.

## നിശബ്ദ പ്രചാരണ കാലയളവ്

അസം, കേരളം, പുതുച്ചേരി, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പുകളോടനുബന്ധിച്ചുള്ള 48 മണിക്കൂർ നിശബ്ദ പ്രചാരണ കാലയളവിലും എക്സിറ്റ് പോൾ ഫലങ്ങൾ പുറത്തുവിടുന്നതിന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ കർശന നിയന്ത്രണം ഏർപ്പെടുത്തി. എട്ട് നിയമസഭാ മണ്ഡലങ്ങളിലെ ഉപതിരഞ്ഞെടുപ്പുകൾക്കും നിർദ്ദേശം ബാധകമാണ്.

നിശബ്ദ പ്രചാരണ വേളയിൽ സംപ്രേഷണം ചെയ്യുന്ന പരിപാടികളിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിക്കോ സ്ഥാനാർത്ഥിക്കോ ഗുണകരമാകുന്നതോ തിരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കുന്നതോ ആയ കാര്യങ്ങൾ ഉൾപ്പെടുത്തരുതെന്ന് ടിവി, റേഡിയോ ചാനലുകൾക്കും കേബിൾ നെറ്റ്‌വർക്കുകൾക്കും കമ്മീഷൻ നിർദ്ദേശം നൽകി. ഈ മാസം 9 ന് രാവിലെ 7 മണി മുതൽ 29 -ാം തീയതി വൈകുന്നേരം 6.30 വരെ എക്സിറ്റ് പോളുകൾ നടത്തുന്നതും ഫലങ്ങൾ അച്ചടി-ദൃശ്യ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്നതും നിരോധിച്ചതായും തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

**തിരഞ്ഞെടുപ്പ് - സംസ്ഥാനം**

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിന് ഏഴ് ദിവസം ബാക്കി നിൽക്കെ ചൂടേറിയ പ്രചാരണവുമായി മുന്നണികൾ. ദേശീയ നേതാക്കളെയടക്കം മണ്ഡലങ്ങളിലെത്തിച്ച് പ്രചാരണം ഊർജ്ജിതമാക്കുകയാണ് സ്ഥാനാർത്ഥികൾ. എൻ.ഡി.എ പ്രചാരണത്തിനായി പ്രധാനമന്ത്രിയും മുതിർന്ന ബി ജെ പി നേതാവുമായ നരേന്ദ്രമോദി ശനിയാഴ്ച തിരുവനന്തപുരത്തും തിരുവല്ലയിലും എത്തും. കേന്ദ്ര സഹമന്ത്രിയും ബിജെപി നേതാവുമായ സുരേഷ് ഗോപി കണ്ണൂരിൽ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി UDF സ്ഥാനാർത്ഥികൾക്കായി തിരുവനന്തപുരത്തും

കൊല്ലത്തും പ്രചാരണത്തിലുണ്ട്. മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡൻറ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ കോഴിക്കോട് പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ പിണറായി വിജയൻ കോഴിക്കോട്ടും സിപിഎം പോളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് കൊച്ചിയിലും തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്.

പ്രകടന പത്രിക – മുന്നണികൾ

നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രകടനപത്രികകൾ LDF, UDF മുന്നണികൾ ഇന്ന് പുറത്തിറക്കി. സി പി ഐ (എം) മുതിർന്ന നേതാവും മുഖ്യമന്ത്രിയുമായ പിണറായി വിജയൻ കോഴിക്കോട് നടന്ന ചടങ്ങിലാണ് എൽഡിഎഫ് പത്രിക പുറത്തിറക്കിയത്. കേവല ദാരിദ്ര്യം ഇല്ലാതാക്കുക, പഠനം പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ക്യാമ്പസ് പ്ലേസ്മെന്റ് തുടങ്ങിയ പ്രഖ്യാപനങ്ങളാണ് പ്രകടനപത്രികയിലുള്ളത്. UDF – ൻറെ പ്രകടന പത്രിക കൊച്ചിയിൽ നടന്ന ചടങ്ങിൽ മുതിർന്ന നേതാക്കൾ ചേർന്ന് പുറത്തിറക്കി. സ്ത്രീകൾക്ക് കെഎസ്ആർടിസി ബസുകളിൽ സൗജന്യ യാത്ര, കോളേജ് വിദ്യാർഥിനികൾക്ക് ആയിരം രൂപ പ്രതിമാസ ധനസഹായം തുടങ്ങിയവയാണ് യു ഡി എഫിന്റെ തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ. പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകൾക്ക് പ്രതിമാസം 2,500 രൂപ റീച്ചാർജ്

ഉള്ള 'ഭക്ഷ്യ ആരോഗ്യ സുരക്ഷാ കാർഡ്', എയിംസ് തുടങ്ങിയവ ഉൾപ്പെടുത്തിയ പ്രകടനപത്രിക കഴിഞ്ഞ ദിവസം എൻ ഡി എ പുറത്തിറക്കിയിരുന്നു.

**തിരുവല്ല-ഗതാഗത ക്രമീകരണം**

പ്രധാനമന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ നരേന്ദ്രമോദിയുടെ സന്ദർശനത്തോടനുബന്ധിച്ച് തിരുവല്ലയിൽ ഗതാഗത ക്രമീകരണം ഏർപ്പെടുത്തും. നാളെയും മറ്റന്നാളും ഉച്ചയ്ക്ക് 12 മണി മുതൽ വൈകുന്നേരം 6 മണി വരെ എം സി റോഡിൽ തിരുവല്ല മുതൽ ചങ്ങനാശ്ശേരി വരെയാണ് നിയന്ത്രണം. തിരുവല്ല മുനിസിപ്പൽ പബ്ലിക് സ്റ്റേഡിയം മുതൽ ചങ്ങനാശ്ശേരി എൻ എസ് എസ് കോളേജ് റോഡിലും പരിസര പ്രദേശങ്ങളിലും ഗതാഗത നിയന്ത്രണമുണ്ടായിരിക്കും.

**കാസർഗോഡ് (ഇൻട്രോ)**

നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കാസർഗോഡ് ജില്ലയിൽ പരിശോധന ഊർജ്ജിതമാക്കി. ജില്ലയിലാകെ 3,956 പെരുമാറ്റച്ചട്ട ലംഘന കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ....**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**കാൻഡിഡേറ്റ് സെറ്റിംഗ്**

കോട്ടയം ജില്ലയിൽ നിയമസഭാ തെരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന വോട്ടിംഗ് യന്ത്രങ്ങളിൽ കാൻഡിഡേറ്റ് സെറ്റിംഗ് നടത്തി. വിതരണ കേന്ദ്രങ്ങളിലെ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിരിക്കുന്ന വോട്ടിംഗ് യന്ത്രങ്ങളിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ സാന്നിധ്യത്തിലാണ് കാൻഡിഡേറ്റ് സെറ്റിംഗ് നടത്തിയത്. പോളിംഗ് ബൂത്തുകളിലേക്ക് യന്ത്രങ്ങൾ വിതരണം ചെയ്യുന്നതിനു മുൻപുള്ള അവസാന സജ്ജീകരണങ്ങളാണ് കാൻഡിഡേറ്റ് സെറ്റിംഗിൻറെ ഭാഗമായി പൂർത്തീകരിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

**സി വിജിൽ**

തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനവുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിനുള്ള സി-വിജിൽ ആപ്പിലൂടെ വയനാട് ജില്ലയിൽ ഇന്ന് ലഭിച്ച 304 പരാതികളും പരിഹരിച്ചു. ജില്ലയിൽ ഇതുവരെ 3287 പരാതികളാണ് സി-വിജിൽ ആപ്പ് വഴി ലഭിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

**¬പശ്ചിമബംഗാൾ-വിജ്ഞാപനം**

പശ്ചിമ ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിലേക്കുള്ള വിജ്ഞാപനം പുറപ്പെടുവിച്ചതോടെ നാമനിർദ്ദേശ പത്രിക സമർപ്പണം ആരംഭിച്ചു. ഈ മാസം 29 ന് നടക്കുന്ന രണ്ടാം ഘട്ടത്തിൽ 142 മണ്ഡലങ്ങളിൽ വോട്ടെടുപ്പ് നടക്കും. ഈ മാസം 9 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. സൂക്ഷ്മ പരിശോധന തൊട്ടടുത്ത ദിവസം നടക്കും. ഈ മാസം 13 ആണ് പത്രിക പിൻവലിക്കാനുള്ള അവസാന തീയതി. അതേസമയം ആദ്യ ഘട്ട തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക മറ്റന്നാൾ വരെ സമർപ്പിക്കാം.

## അന്തർമന്ത്രാലയ വാർത്താസമ്മേളനം (ഇൻട്രോ)

രാജ്യത്ത് മതിയായ ക്രൂഡ് ഓയിൽ ശേഖരമുണ്ടെന്ന് പെട്രോളിയം പ്രകൃതി വാതക മന്ത്രാലയ ജോയിൻറ് സെക്രട്ടറി സുജാത ശർമ്മ. റിഫൈനറികൾ പരമാവധി ശേഷിയിൽ പ്രവർത്തിക്കുന്നതായും പശ്ചിമേഷ്യൻ സാഹചര്യം സംബന്ധിച്ച അന്തർ മന്ത്രാലയ വാർത്താസമ്മേളനത്തിൽ അവർ വ്യക്തമാക്കി. പശ്ചിമേഷ്യൻ സാഹചര്യം കണക്കിലെടുത്ത് നിർണായക പെട്രോകെമിക്കൽ ഉൽപ്പന്നങ്ങൾക്ക് ഈ വർഷം ജൂൺ 30 വരെ പൂർണ്ണമായി കസ്റ്റംസ് തീരുവ ഇളവ് നൽകുമെന്ന് സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസ് അംഗം സഞ്ജയ് മംഗൽ അറിയിച്ചു. അതേസമയം, മുൻകൂർ അംഗീകാരങ്ങൾ കൈവശമുള്ളവർക്ക്

കയറ്റുമതിച്ചുമതലകൾ നിറവേറ്റുന്നതിന് ഓഗസ്റ്റ് 31 വരെ മൂന്ന് മാസത്തെ അധിക സമയം നൽകിയിട്ടുണ്ടെന്ന് വാണിജ്യ വ്യവസായ മന്ത്രാലയ അഡീഷണൽ സെക്രട്ടറി ലാവ് അഗർവാൾ അറിയിച്ചു. ഇതുവരെ 845 വിദ്യാർത്ഥികൾ ഉൾപ്പെടെ 1200 ഇന്ത്യൻ പൗരന്മാർക്ക് ഇറാനിൽ നിന്ന് അർമേനിയയിലേക്കും അസർബൈജാനിലേക്കും കരമാർഗം കടന്നുപോകാൻ സൗകര്യമൊരുക്കിയതായി വിദേശകാര്യമന്ത്രാലയ വക്താവ് രൺധീർ ജെയ്സ്വാൾ അറിയിച്ചു.

(ഹോൾഡ് വോയ്സ്........)

## പെസഹാ വ്യാഴം

യേശുക്രിസ്തുവിന്റെ അന്ത്യ അത്താഴ സ്മരണയിൽ ഇന്ന് പെസഹാ വ്യാഴം ആചരിച്ചു. ക്രൈസ്തവ ദേവാലയങ്ങളിൽ കാൽ കഴുകൽ ശുശ്രൂഷയും, പ്രത്യേക

പ്രാർത്ഥന ചടങ്ങുകളും നടന്നു. കുരിശുമരണത്തിന് മുൻപ് യേശുദേവൻ ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിൻറെയും, വിശുദ്ധ കുർബാന സ്ഥാപിച്ചതിൻറെയും സ്മരണയിലാണ് ലോകമെമ്പാടുമുള്ള ക്രൈസ്തവ വിശ്വാസികൾ പെസഹ ആചരിക്കുന്നത്. കുരിശു മരണത്തിൻറെ സ്മരണയിൽ നാളെ ദുഃഖ വെള്ളി ആചരിക്കും. ദേവാലയങ്ങളിൽ കുരിശിൻറെ വഴിയും പ്രത്യേക പ്രാർത്ഥനകളും ഉണ്ടാകും.

ഉയർത്തെഴുന്നേൽപ്പിൻറെ സ്മരണ പുതുക്കി ഞായറാഴ്ചയാണ് ഈസ്റ്റർ.

**ശ്രീപത്മനാഭ സ്വാമി**

തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ചുള്ള ആറാട്ട് ചടങ്ങുകൾ പുരോഗമിക്കുന്നു. വൈകുന്നേരത്തോടെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ നിന്നും ഘോഷയാത്ര പുറപ്പെട്ടു. ശംഖുമുഖം കടപ്പുറത്താണ് ആറാട്ട് ചടങ്ങുകൾ. ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ റൺവേ രാത്രി ഒൻപത് വരെ അടച്ചിടും. ആഭ്യന്തര, രാജ്യാന്തര വിമാന സർവീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

**പാലക്കാട് നെന്മാറ-വല്ലങ്ങി വേല (ഇൻട്രോ)**

പാലക്കാട് ജില്ലയിലെ പ്രസിദ്ധമായ നെന്മാറ-വല്ലങ്ങി വേല നാളെ. ഇന്ന് ദേശങ്ങളിൽ ആനച്ചമയ പ്രദർശനവും സാമ്പിൾ വെടിക്കെട്ടും നടക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്....**

**(വോയിസ്)**

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. രാത്രി 7.30 നു കൊൽക്കത്തയിലാണ് മത്സരം . ആദ്യ കളി പരാജയപ്പെട്ട ഇരു ടീമുകളും ഇന്നത്തെ മത്സരം ജയിച്ച് പോയിന്റ് പട്ടികയിൽ മുന്നിൽ എത്താനാവും ശ്രമിക്കുക.